(2) ഭാരതപ്പുഴയുടെ മലിനീകരണം തടയുകയും സംരക്ഷണ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകത

ശ്രീ. സി. പി. മുഹമ്മദ് : സർ, കേരളത്തിൽ 44 നദികളുണ്ട്. ആ നദികളുടെയൊന്നും പ്രാധാന്യം കുറച്ചുകാണാൻ ഞാൻ ആഗ്രഹിക്കുന്നില്ല. പക്ഷെ, നിളാ നദി കേരളത്തിന്റെ സംസ്കാരത്തിന്റെ സാമൂഹ്യ ചരിത്രത്തിന്റെ ഭാഗമാണ്. അതുകൊണ്ടുതന്നെ എല്ലാ തമ്പ്രാക്കളും തമ്പ്രാക്കളല്ല, ആഴ്വാഞ്ചേരി തമ്പ്രാക്കളാണ് തമ്പ്രാക്കൾ എന്ന് പാക്കനാർ പറഞ്ഞതുപോലെ എല്ലാ നദികളും നദികളല്ല, നിളാ നദി ഒരു നദിയാണ് എന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ കാര്യം ഇതിനു മുമ്പ് ഒരു സബ്മിഷനിലൂടെ ഞാനിവിടെ ഉന്നയിച്ചതാണ്. അതുകൊണ്ട് ഫലം കിട്ടാത്തതുകൊണ്ട് അടിച്ചതിന്മേൽ അടിച്ചാൽ ഏത് അമ്മിയും പൊളിയും എന്ന പ്രമാണത്തിൽ വിശ്വസിച്ചുകൊണ്ടാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കൽ ഇവിടെ അവതരിപ്പിക്കുന്നത്. നീളംകൊണ്ട് രണ്ടാമത്തേതും വിസ്തീർണ്ണംകൊണ്ട് ഒന്നാമത്തേതുമാണ് കേരളത്തിലെ നിളാനദി. 7,478 ദശലക്ഷം ക്യൂ.മീറ്റർ ജലമുള്ള ഈ നദിയിൽ നിന്നാണ് 173 ഗ്രാമങ്ങളിൽ കുടിവെള്ളമെത്തിക്കുന്നത്. പാവറട്ടി, ഗുരുവായൂർ പദ്ധതിക്ക് വരെ കുടിവെള്ളം നൽകുന്ന നദിയാണിത്. ആ നദിയുടെ ,സാംസ്കാരിക, വൈദ്യ പാരമ്പര്യത്തെ കുറിച്ച് ഞാനിവിടെ അവതരിപ്പിക്കുകയാണെങ്കിൽ മണിക്കൂറുകൾ വേണം. കേരളത്തിലെ മാധ്യമരംഗവും അതുപോലെതന്നെ കേരളത്തിലെ സാംസ്കാരിക നായകന്മാരും ആ നദിയെക്കുറിച്ച് പറഞ്ഞതിന് കണക്കില്ല.

"കളിയും ചിരിയും കരച്ചിലുമായി,
കഴിയും നരനൊരു യന്ത്രമായാൽ,
അമ്പ പേരാറേ നീ മാറി പോമോ,
ആകുലമായൊരഴുക്ക് ചാലായ്"

എന്ന് കാൽപ്പനിക കവി ഇടശ്ശേരി പാടിയിട്ടുണ്ട്. കുഞ്ഞിരാമൻ നായർ പാടിയതിന് കണക്കില്ല.

"നഷ്ടബോധമായ് മൃത്യുവിൻ
ആദ്യ സ്പർശവും താങ്ങുവാനരുതാത്തൊ-
രാഘാതമായേറ്റുതളർന്നുവോ"എന്ന് ഒ.എൻ.വി. പാടിയിട്ടുണ്ട്. കേരളത്തിലെ പ്രധാനപ്പെട്ട സാംസ്കാരിക നായകന്മാരിൽ തുഞ്ചനും, വള്ളത്തോളും, തുഞ്ചത്താചാര്യനും, എം.ടി.-യുമടക്കം അനേകം സാംസ്കാരിക നായകന്മാർ ഇവിടെ ജന്മമെടുത്തവരാണ്. വൈദ്യപാരമ്പര്യംകൊണ്ട് അനുഗ്രഹീതമായ ഈ നദിയുടെ പ്രാധാന്യം ഞാൻ ഒരിക്കൽ സബ്മിഷനായിട്ട് അവതരിപ്പിച്ചു. ഒരു ഫലവും ഉണ്ടായില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സ്വന്തം പ്രദേശത്തോട് ഒരു പ്രത്യേക പരിഗണന കൊടുക്കുകയില്ല എന്ന് ഉറപ്പു വരുത്താനാണെന്നു തോന്നുന്നു. ഈ നദിക്കുവേണ്ടി ഒന്നും ചെയ്യുന്നില്ല. നമ്മുടെ ജലസേചന വകുപ്പുമന്ത്രിക്ക് ഈ നദിയിൽ വളരെയധികം താൽപ്പര്യമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

നിളയെക്കുറിച്ച് ഇവിടെ എല്ലാ മാധ്യമങ്ങളും...മലയാള മനോരമ, പട്ടാമ്പി മണൽപുറത്ത് ഒരു നിളാനദിതട വികസന സെമിനാർ നടത്തി. മാതൃഭൂമി ദിവസങ്ങളോളം ലേഖനമെഴുതി. കേരളത്തിലെ മാധ്യമ പ്രവർത്തകർ തേക്കടിയിൽ നടത്തിയ ഇക്കോ ലോഗിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവൊക്കെ പങ്കെടുത്തിരുന്നു. ഞാൻ അവിടെ ചെന്നു പറഞ്ഞപ്പോൾ അവർ നിളാ നദിയുടെ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ട് പറമ്പിക്കുളത്ത് അടുത്ത വർഷം അവരുടെ ഇക്കോ ലോഗ് വച്ചിരിക്കുകയാണ്. കേരളത്തിലെ എല്ലാ സാംസ്കാരിക നായകന്മാരും, എല്ലാ സാഹിത്യകാരന്മാരും എല്ലാപേരും നിളയെ രക്ഷിക്കുവാൻ ഈ ഗവൺമെന്റ് തയ്യാറാകുമോ എന്ന് ചോദിക്കുകയാണ്. അതുകൊണ്ട് അടിയന്തരമായി ആറേഴു കാര്യങ്ങൾ നിളയെക്കുറിച്ച് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഷൊർണൂർ മുണ്ടായി റെഗുലേറ്റർ സ്ഥാപിക്കുക, വെള്ളിയാംങ്കല്ല്-തൃത്താല പദ്ധതികൾ പൂർത്തിയാക്കുക, നിളയുടെ മലിനീകരണം തടയുക, തീരസംരക്ഷണത്തിന് പദ്ധതി തയ്യാറാക്കുക, നിളയുടെ വൈദ്യ സാംസ്കാരിക പാരമ്പര്യത്തെക്കുറിച്ച് ഗവേഷണം നടത്തുക, കുരിയാർകുറ്റി പദ്ധതി പൂർത്തിയാക്കുക, നിളാനദീതട വികസന അതോറിറ്റി രൂപീകരിക്കുക. ഇത് ഒരു പ്രദേശത്തിന്റെയോ മൂന്നു ജില്ലകളുടെയോ മാത്രം പ്രശ്നമല്ല, ഈ കാര്യങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയും ധനകാര്യ മന്ത്രിയും മുഖ്യമന്ത്രിയും മുൻകൈയെടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, ബഹുമാനപ്പെട്ട സി.പി. മുഹമ്മദ് വളരെ ഭംഗിയായി വളരെ സരസമായി സാഹിത്യസമ്പുഷ്ടമായി തന്നെ നിളാനദിയെ സഭയുടെ മുമ്പിൽ അവതരിപ്പിക്കുകയുണ്ടായി. ഞാൻ അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിൽ പല പരിപാടികൾക്കും പോയിട്ടുണ്ട്. നല്ല ഭംഗിയായി സാഹിത്യം പറയുകയും അവിടെയെല്ലാം നിളയുടെ വിശേഷണം, ഭാരതപ്പുഴയുടെ വിശേഷണം എപ്പോഴും പറയുകയും ചെയ്യുന്ന ആളാണ്. ഭാരതപുഴ കേരളത്തിലെ രണ്ടാമത്തെ നീളം കൂടിയ നദിയാണ്. നമുക്ക് നദിയുടെ നിർവ്വചനത്തിൽപെടുന്ന ഒരു നദിയുമില്ല. മീഡിയം റിവർ മാത്രമാണുള്ളത്. ഭാരതപ്പുഴ തമിഴ്നാട്ടിലെ കോയമ്പത്തൂർ ജില്ലയിലൂടെ കേരളത്തിലെ പാലക്കാട്, മലപ്പുറം, തൃശ്ശൂർ എന്നീ ജില്ലകളിൽക്കൂടി ഒഴുകിയാണ് പൊന്നാനിയ്ക്കടുത്ത് അറബിക്കടലിൽ എത്തുന്നത്. ഈ പ്രദേശങ്ങളിലെല്ലാംതന്നെ പല രീതിയിൽ ഭാരതപ്പുഴയുടെ സൗകര്യം നമുക്കു ലഭ്യമാകുന്നു. അവിടെ ലിഫ്റ്റ് ഇറിഗേഷൻ സ്കീംസുണ്ട്. ജലസേചനത്തിന് ചെറിയ സൗകര്യമുണ്ട്. കുടിവെള്ളത്തിന് ഈ വെള്ളം ഉപയോഗിക്കുന്നു. ഇതിൽ മാലിന്യം വന്നടിയുന്നുണ്ടെന്നുള്ളത് ഒരു സത്യമാണ്. അതിൽ വ്യവസായ സ്ഥാപനങ്ങൾവഴി ഉണ്ടാകുന്ന മലിനീകരണം വളരെ കുറവാണ്. കുറ്റിപ്പുറത്ത് വഞ്ചിനാട് ലെതേഴ്സും കേരളാ സ്റ്റേറ്റ് ഡിറ്റർജന്റ്സ് ആന്റ് കെമിക്കൽസും ഭാരതപ്പുഴയുടെ സൈഡിലുള്ളത് പൂട്ടിപ്പോയി. അവശേഷിക്കുന്നത് പ്രീമിയർ ബ്രിവറീസാണ്. അതുവഴിയുണ്ടാകുന്ന പൊല്യൂഷൻ പ്രത്യേകം പരിശോധിച്ചതിൽ കാര്യമായ പൊല്യൂഷനൊന്നും കാണുന്നില്ലായെന്നാണ് പൊല്യൂഷൻ കൺട്രോൾ ബോർഡ് ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിനെ അറിയിച്ചത്. ഇവിടെ ഉണ്ടാകുന്ന പ്രധാനപ്പെട്ട പ്രശ്നം, മനുഷ്യരുടെയും മൃഗങ്ങളുടെയും വിസർജ്ജ്യങ്ങൾ നദീജലത്തെ വല്ലാതെ

മലിനമാക്കുന്നു എന്നതാണ്. ഈ നദി.യിൽ കോളീഫോം ബാക്ടീരിയയുടെ അളവ് വളരെ കൂടുതലാണ്. നദിക്കടുത്തുള്ള മുനിസിപ്പാലിറ്റി-പഞ്ചായത്ത് പ്രദേശങ്ങളിൽനിന്നുമുള്ള ഖര-ദ്രവ മാലിന്യങ്ങൾ നേരിട്ട് നദിയിലേക്ക് ഒഴുക്കുന്നതായും കാണുന്നുണ്ട്. അതുപോലെ മണൽവാരൽ ഈ പ്രദേശത്തെ പ്രധാനപ്പെട്ട പ്രശ്നമാണ്. ഭാരതപ്പുഴ ഉൾപ്പെടെ പത്തു നദികൾ മാലിന്യ വിമുക്തമാക്കാനുള്ള ഒരു കരാർ പദ്ധതി ഗവൺമെന്റ് തയ്യാറാക്കി കേന്ദ്ര വനമന്ത്രാലയത്തിന്റെ കീഴിൽ നാഷണൽ റിവർ കൺസർവേഷൻ ഡയറക്ടറേറ്റിന്റെ അംഗീകാരത്തിനും സഹായത്തിനുമായി സമർപ്പിച്ചു. ഇതിൽ പമ്പാനദി മാലിന്യവിമുക്തമാക്കാനുള്ള പദ്ധതിക്ക് പതിനെട്ടരക്കോടിയോളം രൂപ കേന്ദ്ര ഗവൺമെന്റ് സാങ്ഷൻ ചെയ്തതല്ലാതെ മറ്റ്. സൗകര്യമൊന്നും ചെയ്ത് തന്നിട്ടില്ല. അദ്ദേഹം ഇവിടെ പറഞ്ഞ ഒരു കാര്യംകൂടി ഒരു മിനിട്ടുകൊണ്ട് പറഞ്ഞ് അവസാനിപ്പിക്കുകയാണ്. ഷൊർണ്ണൂരിൽ മുണ്ടായയിൽ ഒരു റെഗുലേറ്റർ കം ബ്രിഡ്ജ് പണിയണമെന്ന ആവശ്യത്തെക്കുറിച്ച് ഇൻവെസ്റ്റിഗേഷൻ നടത്തിയപ്പോൾ എട്ടു മീറ്റർ താഴെയാണ് പാറ കണ്ടത്. അതുകൊണ്ട് സാധാരണ രീതിയിലുള്ള ചെക്ക് ഡാം ഇവിടെ സാധ്യമല്ല. ആ സാഹചര്യത്തിൽ ഒരു റെഗുലേറ്റർ സ്ഥാപിക്കുകയാണ് ഇതിന് ഉത്തമമെന്നാണ് കണക്കാക്കിയത്. അതിന്റെ ഇപ്പോഴത്തെ എസ്റ്റിമേറ്റ് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. 11.30 കോടി രൂപ ആവശ്യമായിട്ടുവരും. അതിനു ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയർ അതിന്റെ ഡീറ്റെയിൽഡ് റിപ്പോർട്ട് ഗവൺമെന്റിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. സാമ്പത്തിക ഞെരുക്കമാണ് അതു നടപ്പിലാക്കാനുള്ള തടസ്സം. കുരിയാർകുറ്റി കാരപ്പാറ പ്രോജക്ടിന്റെ 50 ശതമാനം പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്. അവശേഷിക്കുന്നവ 2004-ൽ പൂർത്തിയാക്കണമെന്ന് കേരളാ ഹൈക്കോടതിയുടെ ഡയറക്ഷനുണ്ട്. അതിന്റെ പണികൾ ദ്രുതഗതിയിൽ നടക്കുന്നുണ്ട്. വെള്ളിയാങ്കല്ല്-തൃത്താല റെഗുലേറ്റർ കം ബ്രിഡ്ജിന്റെ പണി 76 ശതമാനം പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ബാക്കി നടപടികളും ഗവൺമെന്റ് സ്വീകരിച്ചുവരികയാണ്. ഭാരതപ്പുഴയ്ക്ക് വികസന അതോറിറ്റി രൂപീകരിക്കണമെന്നുള്ള ആവശ്യം ഈ റിവറിന് മാത്രമല്ല. പെരിയാർ നദിക്കും ആവശ്യംവരുന്നുണ്ട്. മറ്റ് പല നദികളെ സംബന്ധിച്ചും അതോറിറ്റി രൂപീകരിക്കണമെന്ന് പറയുന്നുണ്ട്. ഇപ്പോൾ കൊണ്ടുവരാൻപോകുന്ന യൂണിഫൈഡ് നിയമത്തിൽ നദികളുടെ സംരക്ഷണത്തെ സംബന്ധിച്ചും, നദീജല സമ്പത്ത് സംരക്ഷിക്കുന്നതിനെ സംബന്ധിച്ചും പ്രൊവിഷൻസ് ഉൾക്കൊള്ളിച്ചിട്ടുണ്ട്. അതു വരുന്ന സന്ദർഭത്തിൽ ഈ കാര്യങ്ങൾ പരിഗണിക്കുകയും പരിശോധിക്കുകയും ചെയ്യുന്നതാണ്.

<u>ശ്രീ. സി. പി. മുഹമ്മദ്</u> : സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ഞാൻ അവതരിപ്പിച്ച ശ്രദ്ധക്ഷണിക്കലിനോട് അനുഭാവമായി പ്രതികരിച്ചതിൽ എനിക്ക് സന്തോഷമുണ്ട്. ഞാൻ നന്ദി പറയുകയാണ്. പക്ഷേ വികസന അതോറിറ്റി രൂപവൽക്കരിച്ചില്ലെങ്കിൽ പലപ്പോഴും സാമ്പത്തികമായ പരാധീനതയുടെ മുമ്പിൽ ഈ പദ്ധതികളെല്ലാം നിന്നുപോകാനുള്ള സാധ്യതയുണ്ട്. ഈ സഭയിലെ ഏതാണ്ട് ഒന്നര ഡസൻ എം.എൽ.എ.-മാരെ നേരിട്ട് ബാധിക്കുന്ന ഈ കാര്യം വളരെ ഗൗരവമായി ഗവൺമെന്റ് പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ് : സർ, ഈ അതോറിറ്റി രൂപീകരിച്ചാൽ മാത്രമേ ഫണ്ട് ലഭ്യമാക്കാൻ കഴിയൂ എന്നത് ശരിയല്ല. പല അതോറിറ്റികളും പണമില്ലാതെ ബുദ്ധിമുട്ടുന്നുണ്ട്. അതുകൊണ്ട് അതോറിറ്റിയെ സംബന്ധിച്ച് പുതിയ നിയമം വരുന്ന സന്ദർഭത്തിൽ എങ്ങനെയാണ് നദീജല സമ്പത്ത് സംരക്ഷിക്കുക, മാലിന്യവിമുക്തമാക്കുക ; അതിന് എന്തുചെയ്യാൻ കഴിയുമെന്നത് കൂട്ടായി ആലോചിച്ച് നടപടി സ്വീകരിക്കാം. അതിനോട് എനിക്ക് വ്യക്തിപരമായി യാതൊരു എതിർപ്പുമില്ല. നമ്മൾ പൊതുവായി തീരുമാനമെടുക്കേണ്ട വിഷയമാണ്.

IV സബ്മിഷൻ

(1) കടയ്ക്കൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ഒരു മാതൃകാ ആശുപത്രി ആക്കണമെന്നതും ചടയമംഗലം പി.എച്ച്.സി. അപ്ഗ്രേഡ് ചെയ്യണമെന്നതും സംബന്ധിച്ച്

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : സർ, ചടയമംഗലം നിയോജക മണ്ഡലത്തിൽ കടയ്ക്കൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ കൊല്ലം ജില്ലയുടെ കിഴക്കൻ പ്രദേശത്തെ സാധാരണക്കാരുടെ അഭയകേന്ദ്രമാണ്. അവിടെ 100 ബെഡ്സ് ഉണ്ട്. ഔട്ട് പേഷ്യന്റ്സ് വിഭാഗത്തിൽ പ്രതിദിനം 900-ത്തോളം രോഗികളും വരാറുണ്ട്. ആ സ്ഥാപനം എഫ്.ആർ. യൂണിറ്റായി പ്രഖ്യാപിച്ചുവെങ്കിലും അനന്തര വികസന നടപടികളോ സ്പെഷ്യലിസ്റ്റുകളുടെ നിയമനമോ ഒന്നും ആയിട്ടില്ല. അതിനെ ഒരു മാതൃകാ സ്ഥാപനമാക്കാൻ ചടയമംഗലത്തിന്റെ ആസ്ഥാനമായ ചടയമംഗലം പി.എച്ച്. സെന്റർ അപ്ഗ്രേഡ് ചെയ്യാൻ നടപടി സ്വീകരിക്കണമെന്നാണ് എന്റെ അഭ്യർത്ഥന.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) : സർ, കടയ്ക്കൽ സർക്കാർ ആശുപത്രി സാമൂഹ്യ ആരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുണ്ട്. ഇവിടെ നിലവിൽ ആറു ഡോക്ടർമാരുടെ തസ്തികകളാണുള്ളത്. ഇതിൽ അഞ്ചുപേർ നിലവിലുണ്ട്. ഒരു സിവിൽ സർജൻ പെൻഷൻപറ്റിയ ഒഴിവിൽ നിയമനം നടത്താൻ നടപടി സ്വീകരിച്ചുവരുന്നു. യൂറോപ്യൻ കമ്മീഷന്റെ ഡിസ്ട്രിക്ട് ആക്ഷൻ പ്ലാൻ പ്രോജക്ടിന്റെ 42.5 ലക്ഷം രൂപയുടെ പദ്ധതി ഈ സ്ഥാപനത്തിൽ നടത്താൻ ഉത്തരവായിട്ടുണ്ട്. ഇതിൽ 11 ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുകയാണ്. ബാക്കി 31.5 ലക്ഷം രൂപയുടെ പദ്ധതി ഉടൻതന്നെ നടത്തുന്നതാണ്. പ്രസവവാർഡ്, ബ്ലഡ് ബാങ്ക്, പുതിയ കെട്ടിടം എന്നിവയാണ് പ്രധാനമായും പ്രോജക്ടിലെ പദ്ധതികൾ. ഈ സ്ഥാപനം ഫസ്റ്റ് റഫറൽ യൂണിറ്റ് ആക്കണമെങ്കിൽ കുറഞ്ഞത് എട്ട് ഡോക്ടർമാരെങ്കിലും നിലവിലുണ്ടായിരിക്കണം. ബ്ലഡ് ബാങ്ക്, അനസ്തേഷ്യ, ഇരുപത്തിനാലു മണിക്കൂറും പ്രവർത്തിക്കുന്ന പ്രസവവാർഡ് ഇവയെല്ലാം ഉണ്ടെങ്കിൽ മാത്രമേ ഈ സ്ഥാപനം എഫ്.ആർ.യു. ആക്കാൻ കഴിയൂ. ഡോക്ടർമാരുടെ ലഭ്യത അനുസരിച്ചും മറ്റുള്ള സജ്ജീകരണങ്ങൾ തയ്യാറാകുന്നതനുസരിച്ചും മാതൃകാ ആശുപത്രിയാക്കി മാറ്റുന്നതിന് നടപടികൾ കൈക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly